Page 1 of 2

(ഡി) ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനം നടത്തിയതിൽ, ടി സ്ഥലം പരവൂർ, കല്ലമ്പലം, കൊല്ലം സ്റ്റേഷനുകളിൽനിന്നും യഥാക്രമം 9 കി.മീ., 14 കി.മീ., 14 കി.മീ. മാത്രം അകലെയാണ് എന്നതിനാൽ ടി സ്ഥലത്ത് ഒരു ഫയർ സ്റ്റേഷൻ തൽക്കാലം ആരംഭിക്കേണ്ടതില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കൽ

82 (90) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ?

ലഭ്യമായിട്ടില്ല.

(ബി) ഇതിനായി സ്വീകരിച്ചുവന്ന നടപടികൾ വ്യക്തമാക്കുമോ;

&

(സി) പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പുതുപ്പാടിയിൽ ഒരു ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് പുതുപ്പാടി കൈതപ്പൊയിലിലെ പുറമ്പോക്ക് സ്ഥലമോ വെസ്റ്റ് കൈതപ്പൊയിൽ 9-ാം വാർഡിൽ ശ്രീധർമ്മശാസ്ത ക്ഷേത്രത്തിന് സമീപത്തെ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് സ്ഥലമോ ലഭ്യമാക്കുന്നതിന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ

83 (91) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

5 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ തുറക്കുന്നതിനും 9 സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും 18-2-2021-ലെ സ.ഉ.(എം.എസ്.)നമ്പർ 51/2021/ ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് പുതിയ ശിപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുമ്പോൾ ബാലുശ്ശേരി മുൻ എം.എൽ.എ.-യുടെ കത്ത്, ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ എന്നിവയുടെ അടിസ്ഥാനത്തിലുംകൂടി പരിശോധന നടത്താൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വകുപ്പ് തലത്തിൽ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ബാലുശ്ശേരി ഉൾപ്പെട്ടിരുന്നില്ല.

(സി) കക്കയം ഡാം, കിനാലൂർ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളും മലയോര ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

വകുപ്പുതലത്തിൽ ശാസ്ത്രീയ പഠനം നടത്തി സമർപ്പിക്കുന്ന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതിക്ക് വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

84 (92) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാത-1 (എം.സി. റോഡ്)-ൽ ഏറെ അപകടങ്ങൾ നടക്കുന്ന പ്രദേശം എന്ന സാഹചര്യം പരിഗണിച്ച് കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly